LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ എസ്.ബി.ഐ.-യുടെ ട്രെയിഡ് ഫൈനാൻസ് സെല്ലുകൾ

30 [1999] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, സി. പി. മുഹമ്മദ്:

,, ലൂഡി ലൂയിസ്:

,, ടി. എൻ. പ്രതാപൻ:

,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ട്രെയിഡ് ഫൈനാൻസ് സെല്ലുകൾ ആരംഭിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം എന്നറിയിക്കാമോ;

(ബി) എവിടെയെല്ലാമാണ് ഇവ ആരംഭിക്കുന്നതെന്നും ഈ സെല്ലുകളിൽ നിന്ന് എന്തിനെല്ലാമാണ് വായ്പ നൽകുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 35 എണ്ണം.

(ബി) തിരുവനന്തപുരം സോണൽ ഓഫീസിന് കീഴിൽ ആലപ്പുഴ അഗ്രിക്കൾച്ചറൽ ഡെവലപ്പ്മെന്റ് ബ്രാഞ്ച്, ചങ്ങനാശ്ശേരി അഗ്രിക്കൾച്ചറൽ ഡെവലപ്പ്മെന്റ് ബ്രാഞ്ച്, കൊല്ലം, കോട്ടയം, പാലക്കാട് അഗ്രിക്കൾച്ചറൽ ഡെവലപ്പ്മെന്റ് ബ്രാഞ്ചുകൾ, ഷൊർണ്ണൂർ, തൊടുപുഴ, തിരുവനന്തപുരം മരക്കട ബ്രാഞ്ച്, തിരുവനന്തപുരം മെയിൻ ബ്രാഞ്ച്, എസ്.ഐ.ബി. തിരുവനന്തപുരം, സോണൽ ഓഫീസ്, തിരുവനന്തപുരം എന്നിവിടങ്ങളിലും എറണാകുളം സോണൽ ഓഫീസിന് കീഴിൽ കോഴിക്കോട്, തൃശ്ശൂർ, തിരൂർ, കണ്ണൂർ, കൊച്ചി, ആലുവ, അങ്കമാലി, കലൂർ എറണാകുളം, എറണാകുളം മെയിൻ, പെരുമ്പാവൂർ, മൂവാറ്റുപുഴ, കോതമംഗലം, വാഴക്കുളം, അർത്താട്ട്, അളഗപ്പ നഗർ, വെങ്കിടങ്ങ്, കൂരിയാച്ചിറ, മലപ്പുറം, കല്ലായി റോഡ് കോഴിക്കോട്, നടക്കാവ്, പേരാമ്പ്ര, കാസർകോട്, കാരാളം തൃശ്ശൂർ, സോണൽ ഓഫീസ്, എറണാകുളം എന്നീ ബ്രാഞ്ചുകളിലുമാണ് ട്രെയിഡ് ഫൈനാൻസ് സെല്ലുകൾ ആരംഭിക്കുന്നത്.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രധാനമായും വ്യാപാരി വ്യവസായികളുടെ ആവശ്യങ്ങൾക്കായാണ് വായ്പ അനുവദിക്കുന്നത്.